**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.341** | **27/09/2016 ൽ മറുപടിയ്ക്ക്**

**സംസ്ഥാന ബാംബൂ കോർപ്പറേഷൻ**

**ചോദ്യം**
**ശ്രീ.വി.കെ.സി.മമ്മദ് കോയ**

**ഉത്തരം**
**ഇ.പി.ജയരാജൻ**
**(വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാന ബാംബൂ കോർപ്പറേഷന് കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ച ഫണ്ട് ലഭ്യമാക്കാതിരുന്നതിനാൽ ഉണ്ടായ പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (എ) | കഴിഞ്ഞ സാമ്പത്തിക വർഷം അംഗീകരിച്ച പദ്ധതി നിർവ്വഹണത്തിനാവശ്യമായ തുക ഈ വർഷം കമ്പനിക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | പരമ്പരാഗത മേഖലയ്ക്ക് വേണ്ടി ചെലവിടുന്ന സോഷ്യൽ കോസ്റ്റ് കൂടി ഉൾപ്പെടുത്തി കണക്കുകൾ തയ്യാറാക്കുന്നതിനാലാണ് സ്ഥാപനം സാമ്പത്തിക ബാധ്യതയിൽ ആകുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (ബി) | ഉണ്ട്. ഈ വിഷയം പരിഗണിച്ച് കമ്പനിക്ക് മിനിമം വേതനം നൽകുന്നതിനായി തുക അനുവദിച്ച് നൽകാറുണ്ട്. |
| (സി) | ഇത്തരത്തിൽ വരുന്ന നഷ്ട കണക്കുകൾ ഇല്ലാതാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | കമ്പനിയുടെ പ്രവർത്തനം ഫലപ്രദമാക്കുന്നതിനും നഷ്ടം കുറച്ച് പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ കോർപ്പറേഷൻ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ